വേണ്ടി പെൻഷൻ പദ്ധതിയും സ്പെഷ്യൽ പാക്കേജും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്ടെ ജില്ലാ ആശുപത്രി, ജില്ലയിലെ മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു. കൂടുതൽ പ്രദേശങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതരുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം അവരെക്കൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പെൻഷൻ പദ്ധതിയിലും സ്പെഷ്യൽ പാക്കേജിലും ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(4) സ്വകാര്യ വാഹനം ഓടിച്ചുകയറിയ സംഭവം

ശ്രീ. കെ. ബാബു: സർ, 2010 ഡിസംബർ മാസം 25-ാം തീയതി ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി തൃശൂർ എത്തിയ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വാഹനവ്യൂഹത്തിലേക്ക് ഒരു സ്വകാര്യ വാഹനം ഇടിച്ചു കയറിയതായി വാർത്തകൾ വന്നിട്ടുണ്ട്. വളരെ ആശങ്കാജനകമായ വാർത്തയാണത്. പ്രധാനമന്ത്രി തിരുവനന്തപുരം സന്ദർശിച്ചപ്പോഴും മറ്റ് വി.വി.ഐ.പി.-കൾ തിരുവനന്തപുരത്ത് എത്തിയപ്പോഴും ഇതേ പ്രശ്നം ഉണ്ടായിട്ടുണ്ട്. പുതുവർഷത്തിൽ ഭീകരാക്രമണ ഭീഷണി നേരിടുന്നതായി ജാഗ്രതാ നിർദ്ദേശം രാജ്യത്ത് എല്ലായിടത്തുമുണ്ട്. പ്രത്യേകിച്ച് കേരള തീരത്ത് പ്രത്യേക ജാഗ്രത ഉണ്ടാകണമെന്നുള്ള നിർദ്ദേശം കേന്ദ്രത്തിൽ നിന്ന് ലഭിച്ചതായും വാർത്തകളുണ്ട്. ഈ സാഹചര്യത്തിൽ അത്യന്തം സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യുന്ന പ്രധാനമന്ത്രിയുടെ യാത്രാമദ്ധ്യേ സ്വകാര്യ വാഹനം ഇടിച്ചുകയറുക എന്ന് പറഞ്ഞാൽ ഗുരുതരമായ ഒരു വീഴ്ചയാണ്. ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. ഇത്തരം വീഴ്ചകൾ എങ്ങനെ സംഭവിച്ചു, ആരുടെ ഭാഗത്ത് നിന്നുണ്ടായി എന്നുള്ളതിനെക്കുറിച്ചൊക്കെ ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ആദരണീയനായ ലീഡർ കെ. കരുണാകരന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുവേണ്ടി 25-12-2010-ന് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് തൃശൂർ സന്ദർശിച്ചിരുന്നു. പ്രധാനമന്ത്രിയുടെ സന്ദർശനവേളയിൽ പ്രധാനമന്ത്രിയുടെ സുരക്ഷയ്ക്ക് ഭീഷണിയായ യാതൊരു സംഭവവും ഉണ്ടായിട്ടില്ല. പ്രധാനമന്ത്രിയുടെ വാഹനവ്യൂഹത്തിലേക്ക് സ്വകാര്യ വാഹനം ഓടിച്ച് കയറി എന്ന വാർത്ത ശരിയല്ല. പ്രധാനമന്ത്രിയുടെ വാഹന വ്യൂഹം പൈലറ്റിന് പുറകിലായി തൃശൂരിലെ ഹെലിപ്പാടിൽ നിന്നും ടൗൺ ഹാളിലേക്ക് പോകുന്ന വഴിയിൽ നാഷണൽ ഹൈവേ ബൈപ്പാസിലുള്ള നടത്തറ ജംഗ്ഷൻ അടുത്ത് എത്തിയപ്പോൾ ഉച്ചയ്ക്ക് 1.55 ഓടുകൂടി കെ.എൽ.08 AQ 9998 എന്ന ചുവന്ന വാഗ്ണർ കാർ എതിർ ദിശയിൽ വരുന്നത് പൈലറ്റ് വണ്ടിയിലുള്ളവർ കണ്ടു. പ്രധാനമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വാഹനവ്യൂഹത്തിനെതിരെ വാഹനങ്ങൾ കടത്തിവിടാറില്ല. ഏതെങ്കിലും കാരണവശാൽ എതിർദിശയിൽ വാഹനം വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പൈലറ്റിന്റെ ചാർജുള്ള ഉദ്യോഗസ്ഥനോ റോഡിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥനോ പ്രസ്തുത വാഹനത്തെ തടഞ്ഞ് റോഡിന്റെ വശത്തേക്ക് മാറ്റിയതിനുശേഷം മാത്രമേ യാത്ര തുടരാവുയെന്നാണ് നിലവിലുള്ള നടപടിക്രമം. പൈലറ്റ് ആഫീസറായിരുന്ന സബ്ഇൻസ്പെക്ടർ എതിർദിശയിൽ വാഹനം വരുന്നത് കണ്ടയുടൻ പ്രസ്തുത വാഹനത്തെ റോഡിന്റെ വശത്തേക്ക് മാറ്റിയിടാൻ നിർദ്ദേശം കൊടുത്തു. പ്രസ്തുത വാഹനം പ്രധാനമന്ത്രിയുടെ വാഹനവ്യൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടഭാഗമായ സെക്യൂരിറ്റി ബോക്സിനരികെ വരികയോ പ്രധാനമന്ത്രിയുടെ വാഹനത്തിന് സമീപം ചെന്നെത്തുകയോ ചെയ്തിട്ടില്ല. ഞങ്ങളൊക്കെ ആ വാഹനവ്യൂഹത്തിന്റെ കൂടെ ഉണ്ടായിരുന്നതാണ്. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം എടുക്കേണ്ട നടപടി പൈലറ്റ് ആഫീസർ കൈക്കൊള്ളുകയാണുണ്ടായത്. തൃശ്ശൂരിലെ കുട്ടനെല്ലൂർ ഹെലിപ്പാടിൽ നിന്ന് ടൗൺ ഹാളിലേക്കുള്ള 8 കിലോമീറ്റർ ദൂരം റൂട്ട് ബന്തവസ് ഡ്യൂട്ടിക്കായി പോലീസുകാരെ നിയോഗിച്ചിരുന്നു. പ്രധാനമന്ത്രിയുടെ സന്ദർശനം വളരെ ചുരുങ്ങിയ മുന്നറിയിപ്പുകൊണ്ടാണ് ഈ തവണ നടത്തേണ്ടിവന്നത്. ശബരിമല ഡ്യൂട്ടിയുടെ ക്രമീകരണം, പിന്നെ ക്രിസ്തുമസ് ദിവസം അങ്ങനെ ധാരാളം പ്രശ്നമുള്ള ഒരു ദിവസംകൂടിയായിരുന്നു. യഥാർത്ഥത്തിൽ റിക്രൂട്ടിലുള്ള കോൺസ്റ്റബിൾമാരെവരെ ഉപയോഗിച്ചുകൊണ്ടാണ് ഞങ്ങൾ ആ ക്രമീകരണങ്ങളൊക്കെ ഏർപ്പെടുത്തിയത്. രാത്രികാലത്താണെങ്കിൽ പോലീസുകാർ ഒരു പോള കണ്ണ് അടച്ചിട്ടില്ല. ഇങ്ങനെയെല്ലാം സ്തുത്യർഹമായ നിലയിൽ പോലീസുകാർ പ്രവർത്തിച്ചിട്ടുണ്ട്. ഇതിനിടയിൽ ഇങ്ങനെ ഒരു വാർത്ത വരാൻ ഇടയായതുതന്നെ എന്താണെന്ന് ഗൗരവമായി പരിശോധിക്കാനും ഡിജിപി.-യോട് അതുസംബന്ധിച്ച് അന്വേഷിക്കാനും ഏതെങ്കിലും വീഴ്ച ആരുടെയെങ്കിലും ഭാഗത്ത് ഉണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടി കൈക്കൊള്ളാനും നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

(5) പാറ ഖനനം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ കാക്കത്തൂക്കി വാർഡിൽ സ്ഥിതി ചെയ്യുന്ന പശ്ചിമഘട്ടത്തിന്റെ ഭാഗമായ സഹ്യപർവ്വതശിഖിരങ്ങളായ കുറിച്ചി, കൊണ്ടകെട്ടി വനമേഖലകളിൽപ്പെട്ട സർക്കാർവക സ്ഥലം ഒരുകൂട്ടം ആളുകൾ കയ്യേറി പാറഖനനം നടത്തി കോടികൾ സമ്പാദിക്കുകയാണ്. ഇടുക്കിയിൽ നിന്നും ചില ആളുകൾ വന്ന് പട്ടയഭൂമി വില കൊടുത്ത് വാങ്ങുകയും ആ വസ്തുവിൽ ചേർന്ന് കിടക്കുന്ന സർക്കാർവക പുറമ്പോക്ക് ഭൂമി കൂടി ചേർത്ത് വേലി കെട്ടി തിരിച്ച് സർക്കാർ വകയിലുള്ള പാറ ഖനനം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. മേൽപ്പടി വില്ലേജ് ആഫീസറുടെ ആഫീസിന് മുമ്പിൽ 2010 ഡിസംബർ മാസം 8-ാം തീയതി അവിടുത്തെ ജനപ്രതിനിധികളും ജനങ്ങളും ഇതിനെതിരെ ധർണ്ണയും നടത്തിയിരുന്നു. സർക്കാർ വകഭൂമിയിൽ യാതൊരു അനുവാദവുമില്ലാതെ നടത്തുന്ന ഖനനം നിർത്തി വയ്ക്കുന്നതിനും സർക്കാർ വകഭൂമി അളന്ന് തിരിച്ച് കൈവശം സൂക്ഷിക്കുന്നതിനും നെയ്യാറ്റിൻകര തഹസീൽദാർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly